# Weekly Devotion - April 2018

## Warning prior to heavy rain ( വന്മഴയുടെ മുന്നറിയിപ്പ്)



ഇടയന്റെ മുന്നറിയിപ്പ് കേട്ടനുസരിക്കാത്ത ഒരു ആടിന്റെ കഥ sunday school കുഞ്ഞുങ്ങൾക്ക് വിവരിച്ചു നൽകുകയായിരുന്നു അദ്ധ്യാപകൻ. സ്നേഹവാനായ ഇടയന്റെ മുന്നറിയിപ്പുകൾ അവഗണിച്ച ഒരു ആട് തന്റെ ദൃഷ്ടിയിൽ കണ്ടെത്തിയ ഒരു വിള്ളൽ വലുതാക്കി പുറത്തിറങ്ങാൻ തീരുമാനിച്ചു. പുറലോകം ലഭ്യമാക്കുന്ന സന്തോഷം സ്വപ്നം കണ്ട ആട് വിള്ളൽ വലുതാക്കുന്ന ദൗത്യം പൂർത്തിയാക്കി. ഒരു ദിവസം ആരും കാണാതെ നല്ല നിലാവുള്ള രാത്രി അവൻ പുറത്തിറങ്ങി. എന്നാൽ അവന്റെ സന്തോഷം അധിക സമയം നീണ്ടുനിന്നില്ല. ഇരപിടിക്കാൻ ഇറങ്ങിയ ചെന്നായുടെ വായിൽ ആ ജീവിതം തീർന്നു. പെട്ടെന്ന് ഒരു കരച്ചിൽ കേട്ട് കുട്ടികൾ തിരിഞ്ഞു നോക്കി. അദ്ധ്യാപകൻ കരയുന്ന കുഞ്ഞിനോട് കാരണം തിരക്കി. അവൻ ചോദിച്ചത് "സാർ അവർ ആ ദ്വാരം അടച്ചോ? ഈ ചോദ്യം മാതാപിതാക്കളും ആത്മീയ ഗുരുക്കളും സ്വയം ചോദിക്കേണ്ട നല്ല ഒരു ചോദ്യമാണ്.

മുന്നറിയിപ്പുകൾ അവഗണിക്കുന്നതാണ് ഇന്ന് ഭൂരിപക്ഷത്തിനും താല്പര്യം. ഇതുപോലെ വന്മഴയുടെ മുന്നറിയിപ്പ് കാലകാലങ്ങളിൽ സ്വീകരിക്കുന്നവർക്ക് അനുഗ്രഹവും, നിരസ്സിക്കുന്നവർക്ക് ജീവഹാനിയും സംഭവിക്കുന്നു. താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കിയതിൽ ദു:ഖിച്ച യഹോവ തന്റെ കൃപയ്ക്ക് പാത്രമായ നോഹയെക്കൊണ്ട് പെട്ടകം ഉണ്ടാക്കിക്കുകയും മഴയുടെ മുന്നറിപ്പ് നൽകുകയും ചെയ്തു. എന്നാൻ മുന്നറിയിപ്പ് സ്വീകരിച്ച എട്ടുപേർ മാത്രമേ ജീവനെ രക്ഷിച്ചുള്ളു. ബാക്കി മൂക്കിൽ ജീവശ്വാസമുള്ള സകലരും പെട്ടകത്തിൽ കയറാത്ത ജീവജാലങ്ങളും ജീവൻ നിലച്ചവരായി. (മഴ, വെള്ളം ഇവ പരിശുദ്ധാത്മപ്രതീകവും, പെട്ടകം ക്രിസ്തുവിന്റെ പ്രതീകവുമത്രെ) പരിശുദ്ധാത്മാവ് കാലാകാലങ്ങളിൽ നിർദ്ദേശം തരുകയും, ദൈവീക ജീവൻ നിലനിർത്തുവാൻ സഹായിക്കുകയും ചെയ്യുന്നു. ആത്മീയ മഴ സ്വീകരിച്ച് മുന്നറിപ്പുകളെ ചെവിക്കൊണ്ട് ജീവൻ നിലനിർത്തുവാൻ ദൈവം സഹായിക്കട്ടെ.

വന്മഴയുടെ മുന്നറിപ്പ് സ്വീകരിച്ച കുടുംബം പാറമേൽ വീടു പണിയുന്ന ബുദ്ധിയുള്ള വനാണെന്നും അവഗണിച്ചവൻ മണലിന്മേൽ വീടുപണിത ബുദ്ധിശൂന്യനെന്നും വചനം പറയുന്നു. വന്മഴയും കാറ്റും ഒരു പോലെ രണ്ടുകൂട്ടർക്കും ഉണ്ടാകും എന്നാൽ ക്രിസ്തുവാകുന്ന പാറമേൽ അടിസ്ഥാനമുള്ളവനെ ഒരു ശക്തിക്കും തകർക്കുവാൻ കഴിയുകകയില്ല. read മത്താ: (7:24-27)

പ്രകൃതിയെ നിയന്ത്രിക്കുന്ന ദൈവത്തെ കഠിനമായ വരൾച്ചയിൽ കുടി കാണിച്ചുകൊടുത്ത ഏലിയാവ് വന്മഴയുടെ മുന്നറിയിപ്പിന് എത്തേണ്ടവർ ആരെല്ലാം എന്നും, എത്തേണ്ട സ്ഥലം ഏതെന്നും ആഹാബ് രാജാവിനെ അറിയിപ്പാൻ ആളെ അയച്ചു. (1 രാജാ : 18 ) -read

## നിബന്ധനകൾ ഏവ

1) മുന്നറിയിപ്പ് കേൾക്കേണ്ടവർ യാഗ സ്ഥലത്ത് എത്തിയേ മതിയാകുകയുള്ളു. കർമ്മേൽ പർവ്വതമാണ് ഇവിടെ യാഗസ്ഥലം (1 രാജാ : 18:19)

2) ഇന്നു വരെ ആത്മീയ യാത്ര തെറ്റായ വഴിയിലായിരുന്നു എന്ന് സമ്മതിപ്പിക്കുന്നു. രണ്ടു തോണിയിൽ കാൽവച്ച ജനം തെറ്റ് സമ്മതിച്ച് മിണ്ടാതിരിക്കുന്നു. (1 രാജാ : 18 : 24)

3) നല്ലതീരുമാനം എടുക്കുവാൻ ജനത്തെ സഹായിക്കുന്നു. (1 രാജാ 18: 24)

4) യാഗത്തിൽ തീ ഇറക്കുന്നവനു മാത്രമേ വന്മഴയും തരുവാൻ കഴിയുകയുള്ളു എന്ന് യഹോവ ജനത്തിന് വ്യക്തമാക്കിക്കൊടുത്തു.

5) മഴയുടെ മുഴക്കം ദൈവനിഷേധികളുടെ യാത്രയെ തടയുന്നതിനാൽ വേഗം പോകുവാനുള്ള നിർദ്ദേശം രാജാവിന് നൽകുന്നു. ആത്മാവിന്റെ നിറവുള്ളവന്, മുന്നറിയിപ്പ് സ്വീകരിച്ചവന് മുൻപോട്ടുള്ള യാത്ര തടസ്സപ്പെടുകയില്ല. യഹോവ ഇറങ്ങിവരുന്നത് വന്മഴയായിട്ടത്രെ എന്ന് സങ്കി: (72: 6) ൽ കാണുന്നു. വന്മഴയുടെ മുന്നറിയിപ്പ് അനുസരിക്കുന്നവർക്ക് ലഭ്യമാകുന്ന ആത്മീയ നന്മകൾ സങ്കി : (65:10:13) വരെയുള്ള വാക്യങ്ങളിൽ ലഭ്യമാണ്. ഭൂമിയെ നനെയ്ക്കുവാൻ സന്ദർശിക്കുന്ന മഴ ഭൂമിയെ ഫലമുള്ളതാക്കുവാൻ ഒരുക്കുന്നു. പാപത്തിന്റെയും ശാപത്തിന്റെയും ഉടയാത്ത കട്ടകൾ ഉടെച്ച് നിരത്തി ഉഴവുചാലുകളെ അനുഗ്രഹിക്കുന്നു. തുടർന്ന് അതിൽ വീണ വിത്തുകളെ കുതിർത്ത് മുളനൽകി അനുഗ്രഹിക്കുന്നു. മരുഭൂമിയുടെ അവസ്ഥയിലായ ജീവിത പാതയെ പുഷ്ടിയുള്ളതാക്കുകയും കുന്നുകളും മേച്ചൽപുറങ്ങളും മൃഗസമ്പത്തുകൊണ്ട് നിറയ്ക്കുന്ന, ആത്മമാരി സ്ഥീകരിക്കുന്ന ദൈവപൈതൽ വന്മഴയുടെ മുന്നറിയിപ്പ്. സ്വീകരിച്ചപ്പോൾ ആർപ്പിന്റെ ശബ്ദം കുന്നുകളിലും, താഴ്വരികളിലും ഉയർന്നു കേൾക്കുന്നു. വന്മഴയുടെ മുഴക്കം ദൈവപൈതലിന് കേൾക്കാം. ഏലിയാവ് കേട്ടതു പോലെ കേൾക്കുവാനും തക്കസമയത്ത് മുന്നറിയിപ്പുകൾ നൽകുവാനും ദൈവം നമ്മെ ആത്മമാരിയാൽ സംപുഷ്ടമാക്കട്ടെ.

Santhamma Varghese

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind